(ഡി) ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് നൽകുന്ന വ്യവസായ ഗ്രാന്റുകൾ ആലപ്പുഴ ജില്ലാ പഞ്ചായത്തിന് കീഴിൽ വകമാറ്റി ചെലവ് ചെയ്യുന്നതിനുള്ള നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഈ നീക്കം തടയുന്നതിനും വ്യവസായ ഗ്രാന്റുകൾ വ്യവസായ ആവശ്യങ്ങൾക്ക് മാത്രമായി ചെലവഴിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(എഫ്) ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് വ്യവസായ ഗ്രാന്റുകൾ ജില്ലാ പഞ്ചായത്തു വഴി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതിയെക്കുറിച്ച് നേരിട്ട് അന്വേഷണം നടത്തുന്നതിന് കരകൗശല വിഭാഗം ഡെപ്യൂട്ടി രജിസ്ട്രാറെ ചുമതലപ്പെടുത്തിക്കൊണ്ട് വ്യവസായ വാണിജ്യ ഡയറക്ടർ 17-6-2000-ൽ ഉത്തരവിറക്കിയിട്ടുണ്ട്.

(സി) ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് അനുവദിക്കുന്ന വ്യവസായ ഗ്രാന്റുകൾ യഥാസമയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് വ്യവസായ ഗ്രാന്റുകൾ ജില്ലാ പഞ്ചായത്തു വഴി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

നിയോജക മണ്ഡലാടിസ്ഥാനത്തിൽ ടെക്നോപാർക്കുകൾ

26 (2023) ശ്രീ. കെ.പി. എ. മജീദ് :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ടെക്നോപാർക്കുകൾ ആരംഭിക്കുമെന്ന തീരുമാനപ്രകാരം എത്ര ടെക്നോപാർക്കുകൾ ആരംഭിച്ചു ;

(ബി) എവിടെയൊക്കെയാണ് ആരംഭിച്ചതെന്ന് പറയാമോ ;

(സി) മറ്റു മണ്ഡലങ്ങളിൽ ആരംഭിക്കാതിരുന്നതിന്റെ കാരണത്തെക്കുറിച്ച് സർക്കാർ അന്വേഷിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) നിയോജകമണ്ഡലാടിസ്ഥാനത്തിൽ ടെക്നോപാർക്കുകൾ ആരംഭിക്കുമെന്ന് തീരുമാനിച്ചിട്ടില്ല. എന്നാൽ അസംബ്ലി നിയോജകമണ്ഡലങ്ങളിൽ ഓരോ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കുറഞ്ഞത് അഞ്ചേക്കർ സ്ഥലം സൗജന്യമായി ലഭ്യമാക്കുന്ന സ്ഥലങ്ങളിൽ സിഡ്കോ മുഖേന ഈ പാർക്കുകൾ സ്ഥാപിക്കും. ഇപ്പോൾ 34 മണ്ഡലങ്ങളിൽ സ്ഥലം വാഗ്ദാനം ചെയ്തിട്ടുണ്ട്. 10 പാർക്കുകളുടെ വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

സെറിഫെഡ് മുഖേന ഉത്പാദിപ്പിച്ച കൊക്കൂണുകൾ

27 (2024) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെറിഫെഡ് മുഖേന കഴിഞ്ഞ വർഷം സംസ്ഥാനത്തൊട്ടാകെ എത്ര കൊക്കൂണുകൾ ഉത്പാദിപ്പിച്ചു എന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ;

(സി) സംസ്ഥാനത്ത് ലഭിക്കുന്ന കൊക്കൂൺകൊണ്ട് പട്ടുനൂൽ ഉത്പാദിപ്പിക്കുവാൻ ഇപ്പോൾ ഇവിടെ സംവിധാനമുണ്ടോ ;

(ഡി) കഴിഞ്ഞവർഷം ലഭിച്ച മുഴുവൻ കൊക്കൂൺ പട്ടുനൂൽ ഉത്പാദിപ്പിക്കുവാൻ ഉപയോഗിച്ചിട്ടുണ്ടോ, ഇല്ലെങ്കിൽ എത്ര കൊക്കൂൺ ആണ് കയറ്റി അയച്ചത് ;

(ഇ) ഇപ്പോൾ നിലവിലുള്ള റീലിംഗ് സെന്ററുകൾ ഏതെല്ലാം ;

(എഫ്) ഇതിന്റെ പ്രവർത്തനത്തെ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) ഉണ്ട്. 40. 535 മെട്രിക് ടൺ കൊക്കൂണുകൾ ഉത്പാദിപ്പിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. കി. ഗ്രാം കണക്കിൽ. തിരുവനന്തപുരം- 1226.8, കൊല്ലം-1283.15, പത്തനംതിട്ട- 1217.4, കോട്ടയം- 1378.19, ആലപ്പുഴ-3284.95, എറണാകുളം-2023.14, ഇടുക്കി-8417.87, തൃശ്ശൂർ- 1664.135, കോഴിക്കോട്-913.45, പാലക്കാട്-10121.70, മലപ്പുറം-2575.42, കണ്ണൂർ-2490.45, വയനാട്-1901.3, കാസർഗോഡ്- 1977.32.

(സി) ഉണ്ട്. സെറിഫെഡിന്റെ കീഴിലുള്ള ആലപ്പുഴയിലെയും, കാസർകോഡിലെയും രണ്ട് റീലിംഗ് യൂണിറ്റുകളിലും, പാലക്കാട് പുതുശ്ശേരി സിൽക് റീലിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ റീലിംഗ് യൂണിറ്റിലും, കൊക്കൂൺ നൂൽ ആക്കുന്ന പ്രവർത്തനം നടന്നുവരുന്നു. കൂടാതെ സെൻട്രൽ സിൽക് ബോർഡിന്റെ പാലക്കാട് ഡെമോൺസ്ട്രേഷൻ റീലിംഗ് യൂണിറ്റിലും 'ജോബ് വർക്ക്' ആയി റീലിംഗ് പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്.

(ഡി) 1999-2000-ൽ ഉത്പാദിപ്പിച്ച 40.535 ടൺ കൊക്കൂണിൽ 2.9 ടൺ കൊക്കൂൺ കർഷകർ വിത്തു കൊക്കൂണായി സെൻട്രൽ സിൽക്ക് ബോർഡ് മുട്ട ഉല്പാദന കേന്ദ്രത്തിലും മറ്റും നൽകിയിട്ടുണ്ട്. ശേഷിച്ച കൊക്കൂൺ റീലിംഗിനായി ഉപയോഗിച്ചിട്ടുണ്ട്. കയറ്റുമതി നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly